കാസർഗോഡ് ജില്ലയിലെ കൊടക്കാട് എം.ആർ.എസ്.-ലെ പ്ലസ് ടു കോഴ്സ്

224 (6929) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ കൊടക്കാട് എം.ആർ.എസ്.-ൽ പ്ലസ് ടു കോഴ്സ് ആരംഭിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) ഈ വിദ്യാലയത്തിൽ പ്ലസ് ടു-വിന് ആവശ്യമായ സൗകര്യമുണ്ടായിട്ടും കോഴ്സ് ആരംഭിക്കാത്തതിലുള്ള ബുദ്ധിമുട്ട് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ;

(സി) ഇക്കാര്യത്തിൽ വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട ഏതെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) നിലവിലുള്ള ഹോസ്റ്റലിൽ +2 വിദ്യാർത്ഥികളെക്കൂടി പ്രവേശിപ്പിക്കാനുള്ള സൗകര്യം ഇല്ലാത്തതിനാലാണ് +2 കോഴ്സ് ആരംഭിക്കുവാൻ വൈകുന്നത്. വിദ്യാലയത്തിൽ +2 കോഴ്സ് ആരംഭിക്കുന്നതിനുള്ള ക്ലാസ്സ് മുറികൾ ഉണ്ടെങ്കിലും ഹോസ്റ്റൽ സൗകര്യം ഇല്ല. ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയ ശേഷം വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട് +2 കോഴ്സ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

പുന്നപ്ര ഡോ. അംബേദ്കർ മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ

225 (6930) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുന്നപ്ര ഡോ. അംബേദ്കർ മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ഏതെല്ലാം ക്ലാസ്സുകളാണ് നടത്തുന്നതെന്നും ഓരോ ക്ലാസ്സിലും എത്ര കുട്ടികൾ വീതം പഠിക്കുന്നുവെന്നും ഇതിൽ പട്ടികജാതിക്കാർ, പട്ടിക വർഗ്ഗക്കാർ, മറ്റിതര സമുദായക്കാർ എന്നിവർ എത്രവീതം എന്നുമുള്ള വിവരങ്ങൾ വ്യക്തമാക്കുമോ ;

(ബി) എസ്.എസ്.എൽ.സി., ഹയർ സെക്കന്ററി വിഭാഗങ്ങളിൽ കഴിഞ്ഞ വർഷം ഈ സ്കൂളിന്റെ വിജയശതമാനം എത്രയായിരുന്നുവെന്ന് അറിയിക്കാമോ ;

(സി) സ്കൂളിൽനിന്നും കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ശതമാനം കുട്ടികളാണ് കൊഴിഞ്ഞുപോകുന്ന

LIBRARY ARCHIVES Kerala Legislative Assembly

തെന്നും ഇത് തടയാൻ എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന തെന്നും വ്യക്തമാക്കാമോ ;

(ഡി) സ്കൂളിൽ ആകെ അനുവദനീയമായ അധ്യാപക-അനധ്യാപക തസ്തികകളെത്രയെന്നും നിലവിൽ എത്രപേർ ജോലിചെയ്യുന്നുവെന്നും എത്ര ഒഴിവുകളുണ്ടെന്നും വ്യക്തമാക്കുമോ ; ഒഴിവുള്ള തസ്തികകളിൽ നിയമന ത്തിനായി അടിയന്തര നടപടി സ്വീകരിക്കാമോ ;

(ഇ) മെച്ചപ്പെട്ട വിജയശതമാനം നിലനിർത്തുന്ന ഈ സ്കൂളിൽ ഒരു ആഡിറ്റോറിയം നിർമ്മിക്കാൻ ആവശ്യമായ ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ;

(എഫ്) രാത്രികാലങ്ങളിൽ അസുഖംബാധിക്കുന്ന വിദ്യാർത്ഥികളെ ആശുപത്രിയിലെത്തിക്കാൻ വാഹനസൗകര്യം ലഭ്യമല്ലാത്തത് ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ ; ഉണ്ടെങ്കിൽ നല്ലനിലയിൽ പ്രവർത്തിക്കുന്ന ഈ സ്കൂളിന് സ്വന്തമായി ഒരു വാഹനം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പുന്നപ്ര ഡോ. അംബേദ്കർ മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ 5 മുതൽ +2 വരെയുള്ള ക്ലാസ്സുകളാണ് ഉള്ളത്.

ക്ലാസ്സ്	ആകെ സീറ്റുകളുടെ എണ്ണം	പഠിക്കുന്ന കുട്ടികളുടെ എണ്ണം		
		പട്ടികജാതി	പട്ടികവർഗ്ഗം	മറ്റുള്ളവർ
5	35	16	4	3
6	35	18	11	3
7	35	22	6	3
8	35	23	7	3
9	35	24	7	3
10	35	27	5	3
+1	35	...	...	...
+2	35	22	9	4
ആകെ	280	152	49	22

+1 ക്ലാസ്സുകളിലേക്കുള്ള പ്രവേശന നടപടി പൂർത്തിയായിട്ടില്ല.

(ബി) എസ്.എസ്.എൽ.സി. - 100 %

പ്ലസ് ടു - 85.7 %

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്. 2014-15-ൽ ആകെയുള്ള 277 കുട്ടികളിൽ 7 പേർ മറ്റ് സ്കൂളുകളിലേക്ക് പോയിട്ടുണ്ട് (2.5%). ഈ കുട്ടികൾ സ്ഥാപനം വിട്ടതിനുള്ള കാരണം അന്വേഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ഹൈസ്കൂൾ, ഹയർസെക്കന്ററി വിഭാഗങ്ങളിലായി ആകെ 26 അധ്യാപക തസ്തികകൾ ഉണ്ട്. ഇതിൽ 24 സ്ഥിരം അധ്യാപകർ ജോലി ചെയ്യുന്നുണ്ട്. ഒഴിവുകൾ പൊതുവിദ്യാഭ്യാസ/ഹയർസെക്കന്ററി ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അടിയന്തര നടപടി എന്ന നിലയിൽ ഒഴിവുള്ള തസ്തികകളിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

14 അനധ്യാപക തസ്തികകളുണ്ട്. ഇതിൽ റാർഡന്റെ ഒരു തസ്തികയും രണ്ട് കുക്ക് തസ്തികയും ഒഴിഞ്ഞു കിടക്കുന്നു. ടി ഒഴിവുകൾ പി.എസ്.സി. വഴി നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കോൺട്രാക്ട് വ്യവസ്ഥയിൽ കുക്കുമാരെ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

(ഇ) നിലവിൽ ഉള്ള സ്റ്റേജിനോട് ചേർന്ന് ഫൈബർ റൂഫിംഗോടുകൂടിയ ആഡിറ്റോറിയം നിർമ്മിക്കുന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) അടിയന്തര ഘട്ടങ്ങളിൽ വാഹനസൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

പട്ടികജാതി വകുപ്പിൽ ബൈട്രാൻസ്ഫർ മുഖേന അദ്ധ്യാപക നിയമനം

226 (6931) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും റിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതു വിദ്യാഭ്യാസവകുപ്പിൽ നടത്തുന്നതുപോലെ പട്ടികജാതി വകുപ്പിലെ യോഗ്യരായ ലാസ്റ്റ് ഗ്രേഡ് ഉൾപ്പടെയുള്ള ജീവനക്കാരെ എം. ആർ. എസ്.- കളിൽ ബൈ ട്രാൻസ്ഫർ മുഖേന അദ്ധ്യാപകരായി നിയമിക്കുവാൻ ആലോചിക്കുന്നുണ്ടോ യെന്ന് വ്യക്തമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly